Chandrika 30, December, Sunday, 2007

# തൊഴിലാളികള്‍ സംഘശക്തിയുടെ ചരിത്രമെഴുതി

കെ.പി ജലീല്‍



അജയ്യ ശക്തി... എസ്.ടി.യു സുവര്‍ണ ജൂബിലി സമാപന പൊതു സമ്മേളനം പാലക്കാട്ട് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ.അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. പി.വി അബ്ദുല്‍ വഹാബ് എം.പി, എം.വി രാഘവന്‍, പി.കെ കുഞ്ഞാലിക്കുട്ടി, എം.കെ മുനീര്‍, ചെര്‍ക്കളം അബ്ദുല്ല, അഹമ്മദ്കുട്ടി ഉണ്ണികുളം സമീപം.

പാലക്കാട്: ഉറവ വറ്റാത്ത അധ്വാന ശേഷിയും ഐക്യബോധമുള്ള ആശയക്കരുത്തും കയ്യിലേന്തിയ നീലപ്പട്ടാളം സ്വതന്ത്ര തൊഴിലാളി യൂണിയന്റെ (എസ്.ടി.യു) സുവര്‍ണജൂബിലി സമ്മേളനം സുവര്‍ണലിപികളില്‍ ചാര്‍ത്തി ചരിത്രത്തിന് സമ്മാനിച്ചു.

ടിപ്പുവിന്റെ കുതിരക്കുളമ്പടിയുറങ്ങുന്ന പാലക്കാടന്‍ കോട്ടമൈതാനിയിലെ കെ.എം സീതിസാഹിബ് നഗറില്‍ പതിനായിരക്കണക്കിന് പ്രവര്‍ത്തകരെ സാക്ഷിനിര്‍ത്തി മുസ്‌ലിംലീഗ് നേതാവ് ഇ. അഹമ്മദ് എസ്.ടി.യു സംസ്ഥാന സമ്മേളനത്തിന്റെ രണ്ടാം ദിവസത്തെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അര പതിറ്റാണ്ട് മുമ്പ് എസ്.ടി.യുവിന് ജീവന്‍ നല്‍കിയ നാട് എസ്.ടി.യു പ്രവര്‍ത്തകരെ കാരണവരെ പോലെ നിന്ന് സ്വാഗതമോതി.

നേരത്തെ പാലക്കാട് വിക്ടോറിയ കോളജ് ഗ്രൗണ്ടില്‍ നിന്ന് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളില്‍ നിന്നുള്ള ആയിരങ്ങള്‍ പടയണിതീര്‍ത്ത് നീങ്ങിയ കൂറ്റന്‍ റാലി വി.എച്ച് റോഡ്, ജി.ബി റോഡ്, കോര്‍ട്ട് റോഡ് വഴി നീങ്ങിയപ്പോള്‍ നഗരം അക്ഷരാര്‍ഥത്തില്‍ സ്തംഭിച്ചു. ബാന്റ് മേളങ്ങളും തുകിലും റോളര്‍സ്കേറ്റിംഗും പ്രകടനത്തിന് പകിട്ടേകി.

വൈകിട്ട് നാലു മണിയോടെ ആരംഭിച്ച റാലിയുടെ മുന്‍നിരയില്‍ മലപ്പുറം ജില്ലയും അവസാനം ആതിഥേയജില്ലയുമായിരുന്നു. പ്രവര്‍ത്തകരുടെ ബാഹുല്യം മൂലം മൂന്നുവരിയായാണ് റാലി നീങ്ങിയത്. റാലി ഓരോ പോയിന്റും കടക്കാന്‍ മണിക്കൂറുകളെടുത്തു. പ്രകടനം കോട്ടമൈതാനത്തെത്താന്‍ നാലു മണിക്കൂറെടുത്തു. യൂത്ത് ലീഗ്, എസ്.ഇ.യു, സി.ഇ.ഒ എന്നിവയും ജില്ലാ കോണ്‍ഗ്രസ് നേതാക്കളും വഴിയില്‍ അഭിവാദ്യമര്‍പ്പിച്ചു.

സീതിസാഹിബ് നട്ടുവളര്‍ത്തിയ , ബാഫഖിതങ്ങള്‍ തൊട്ടുതലോടിയ, സി.എച്ച്.എം കോയ പോറ്റിവളര്‍ത്തിയ എസ്.ടി.യു സിന്ദാബാദ്...., തൊഴിലാളിക്കാ തൊഴിലില്ല, വേതനമില്ല, വിലയാണെങ്കില്‍ തീവിലയും. അരിയില്ലെങ്കില്‍ മുട്ട കഴിക്കൂ, കോഴി കഴിക്കൂ , ഇതെന്തൊരു നാറിയ ഭരണം.പട്ടിണി മാറ്റാന്‍ തൊഴിലെടുക്കും തൊഴിലാളികളുടെ കണ്ണീരൊപ്പാന്‍...കേരള മുഖ്യന്‍ വി.എസേ, ആത്മഹത്യയുടെ പേരുപറഞ്ഞ് മതികെട്ടാനുകള്‍ കേറിയിറങ്ങി, ഇന്നെന്താ ഭരണത്തില്‍ മിണ്ടാട്ടം മുട്ടിപ്പോയോ... തുടങ്ങിയ ഈണമാര്‍ന്ന മുദ്രാവാക്യങ്ങളുമായി നീങ്ങിയ കര്‍മഭടന്മാര്‍ പാലക്കാടന്‍

ശേഷം പേജ് 5 കോളം 1

Chandrika 30, December, Sunday, 2007






# കേന്ദ്ര തൊഴിൽ പദ്ധതികൾ കേരളം നഷ്ടപ്പെടുത്തുന്നു: മന്ത്രി അഹമ്മദ്

പാലക്കാട്: കേന്ദ്ര സർക്കാർ നടപ്പാക്കുന്ന തൊഴിൽ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ അനാസ്ഥ കാരണം കേരളത്തിന് നഷ്ടപ്പെടുകയാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് പ്രസ്താവിച്ചു. എസ്.ടി.യു സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ രംഗത്ത് 100 ഐ.ടി.ഐകൾക്ക് പുതിയ നിലവാരം നൽകാനും പുതുതായി നാനൂറെണ്ണം ആരംഭിക്കാനും കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. എന്നിട്ടും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേരളം തയ്യാറായിട്ടില്ല. അസംഘടിത തൊഴിലാളികൾക്ക് പ്രത്യേക നിയമനിർമ്മാണം നടത്തും. ഇവർക്കായി 6 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ ജനജീവിതം ഇത്രയും ദുസ്സഹമായ അവസ്ഥ മുമ്പുണ്ടായിട്ടില്ലെന്നും സംഘടിത തൊഴിലാളി വർഗ്ഗം കൂടുതൽ ശക്തമായ സമരരംഗത്തേക്ക് വരണമെന്നും മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. സർക്കാരിനെതിരെ നിരന്തര വിമർശനങ്ങൾ നടത്തുന്ന കോടതികളിൽ നിന്ന് അവസാനത്തെ അസ്ത്രവും പ്രയോഗിച്ച് കഴിഞ്ഞിരിക്കുന്നു. എന്നിട്ടും സർക്കാരിന് നാണമില്ല. കേരളത്തെ റിവേഴ്സ് ഗിയറിലേക്കാണ് ഇടത് സർക്കാർ നയിച്ചുകൊണ്ടിരിക്കുന്നത്. ശബരിമലയിലെത്തുന്ന അയ്യപ്പന്മാർക്ക് അന്നദാനം നൽകാൻ പോലും സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.